Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/ 2023/1707-1 (3) തീയതി : 03.02.2023

## സർക്കുലർ

വിഷയം:- കൈറ്റ് – വിദ്യാകിരണം പദ്ധതി – സ്കൂളുകൾക്ക് ലഭ്യമാക്കിയ ലാപ്ടോപ്പുകൾക്ക് ഇൻഷുറൻസ് പരിരക്ഷ – Claim – നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
1. സ.ഉ (സാധാ) നം.3609 / 2021 /പൊ.വി.വ തീയതി 10.08.2021
2. സ.ഉ (സാധാ) നം.4547 / 2021 /പൊ.വി.വ തീയതി 11.10.2021
3. യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി കൈറ്റുമായി ഒപ്പുവച്ച ധാരണാപത്രം.
4. ഈ ഓഫീസിലെ 16.12.2022, 06.01.2023 എന്നീ തീയതികളിലെ കൈറ്റ്/ 2022/ 1707-1(20), കൈറ്റ്/ 2023/ 1707-1(1) നമ്പർ സർക്കുലറുകൾ

'വിദ്യാകിരണം' പദ്ധതി പ്രകാരം വിതരണം ചെയ്ത ലാപ്ടോപ്പുകൾ സ്കൂളുകളുടെ പൊതുവായ ഉപയോഗത്തിന് പുനർവിതരണം ചെയ്യുന്നതിന് സൂചന 4 പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ലാപ്ടോപ്പുകൾക്ക് കൈറ്റ് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻഷുറൻസ് claim ലഭിക്കുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്തുന്നതിനാണ് ലാപ്ടോപ്പ് ലഭ്യമാക്കുന്നത്. അതിനാൽ ലാപ്ടോപ്പ് കൃത്യമായി ഉപയോഗിക്കുന്നതിന് പ്രത്യേക സംവിധാനം സ്കൂൾ അധികൃതർ തന്നെ ഒരുക്കേണ്ടതാണ്.

2. ലാപ്ടോപ്പുകൾക്ക് 09.01.2023 മുതൽ 08.01.2024 വരെ ഇൻഷുറൻസ് പരിരക്ഷ കൈറ്റ് ഒരുക്കിയിട്ടുണ്ട്. അതിനാൽ ലാപ്ടോപ്പ് മോഷണം, കവർച്ച, ബോധപൂർവ്വം നശിപ്പിക്കൽ, തീപിടുത്തം, പ്രകൃതിക്ഷോഭം, അപകട നാശനഷ്ടം (ഫിസിക്കൽ ഡാമേജ് ഉൾപ്പെടെ) എന്നിവ സംഭവിച്ചാൽ സ്കൂൾ അധികൃതർ വിവരം ഉടൻതന്നെ ഇൻഷുറൻസ് കമ്പനിയെ ടെലിഫോൺ/ഇ-മെയിൽ (ഫോൺ : 0470-2622236, 2627620, ഇ-മെയിൽ 100402@uiic.co.in) മുഖേന അറിയിക്കേണ്ടതും കമ്പനി നിർദേശിക്കുന്നതനുസരിച്ച് പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതുമാണ്. ഇൻഷുറൻസ് കമ്പനിയെ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ വിവരം അറിയിക്കാത്തപക്ഷം ഇൻഷുറൻസ് ക്ലെയിം നിരാകരിക്കപ്പെടുവാൻ സാധ്യതയുണ്ട്.

3. ഇൻഷുറൻസ് ലഭിക്കുന്നതിന് ക്ലെയിം ഫോം (www.kite.kerala.gov.in ൽ notification ൽ ലഭ്യമാണ്) പൂരിപ്പിച്ച് പോലീസ് സ്റ്റേഷനിൽ നിന്നുള്ള എഫ്.ഐ.ആർ സഹിതം ഇൻഷുറൻസ് കമ്പനിയിലേയ്ക്കും (100402@uiic.co.in) കൈറ്റ് സ്റ്റേറ്റ് ഓഫീസിലേയ്ക്കും (insurance@kite.kerala.gov.in) ഇ-മെയിൽ മുഖാന്തിരം സംഭവം നടന്ന് 14 ദിവസത്തിനകം സ്കൂൾ അധികൃതർ അറിയിക്കേണ്ടതാണ്. കൂടാതെ ഒറിജിനൽ രേഖകൾ United India Insurance Company Ltd., Ash-Har Complex, Near Municipal Bus Stand, Attingal, Thiruvananthapuram-695010 എന്ന വിലാസത്തിലേയ്ക്ക് തപാലിൽ അയക്കേണ്ടതുമാണ്.

4. അപകട നാശനഷ്ടം (ബോധപൂർവമല്ലാത്ത ഫിസിക്കൽ ഡാമേജ്) സംഭവിച്ചാൽ നാശനഷ്ടത്തിന്റെ തുക അസസ് ചെയ്യുന്നതിനായി ലാപ്ടോപ്പ് റിപ്പയർ ചെയ്യുന്ന ആൾ/ഏജൻസി തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റും സ്കൂൾ പ്രഥമാധ്യാപകരുടെ റിപ്പോർട്ടും

സഹിതം ക്ലെയിം നൽകേണ്ടതാണ്. പ്രസ്തുത ക്ലെയിം പരിശോധിക്കുന്നതിനായി ഇൻഷുറൻസ് കമ്പനി ചുമതലപ്പെടുത്തുന്ന സർവെയർ സ്കൂൾ സന്ദർശിക്കുമ്പോൾ കേട്പാട് സംഭവിച്ച ലാപ്ടോപ്പ് പരിശോധനക്കായി സ്കൂൾ അധികൃതർ ലഭ്യമാക്കേണ്ടതാണ്.

5. തീപിടുത്തം മൂലമുള്ള നാശനഷ്ടങ്ങൾക്ക് Fire brigade report, KSEB report, FIR, Final report എന്നിവ സ്കൂൾ അധികൃതർ ഹാജരാക്കേണ്ടതാണ്.

6. കവർച്ച, മോഷണം തുടങ്ങിയവമൂലം നഷ്ടപ്പെടുന്ന ഉപകരണങ്ങൾക്ക് അതത് പോലീസ് സ്റ്റേഷനിൽ നിന്നുള്ള FIR, Non-traceable certificate, Final report എന്നിവ സമർപ്പിക്കുന്നതനുസരിച്ചായിരിക്കും ഇൻഷുറൻസ് തുക ലഭിക്കുന്നത്. ആയതിനാൽ ഈ രേഖകൾക്കായി പോലീസ് സ്റ്റേഷനുമായി സ്കൂൾ അധികൃതരുടെ നിരന്തരമായ ഫോളോഅപ്പ് അത്യന്താപേക്ഷിതമാണ്.

7. ലാപ്ടോപ്പ് നഷ്ടപ്പെട്ടാൽ സ്കൂൾ കോഡ്, സ്കൂൾ മേൽവിലാസം, ബന്ധപ്പെടേണ്ട സ്കൂൾ അധികൃതരുടെ മൊബൈൽ ഫോൺ നമ്പർ, സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ്, പോലീസ് സ്റ്റേഷനിൽ നിന്നുള്ള FIR-ന്റെ പകർപ്പ് എന്നിവ ക്ലെയിം ഫോമിനൊപ്പം ഉൾപ്പെടുത്തി സ്കൂൾ അധികൃതർ ഇൻഷുറൻസ് കമ്പനിക്ക് 100402@uiic.co.in ൽ മെയിൽ അയയ്ക്കേണ്ടതാണ്.

8. Insurance Company യുടെ പ്രതിനിധികൾ claim സംബന്ധിച്ച് School സന്ദർശിക്കുമ്പോൾ അവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടതും ഇൻഷുറൻസ് ക്ലെയിമുമായി ബന്ധപ്പെട്ട് അവർ ആവശ്യപ്പെടുന്ന രേഖകൾ ഹാജരാക്കേണ്ടതുമാണ്.

കെ.അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേക്ക്
എല്ലാ എച്ച്.എസ്.ഇ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ/വി.എച്ച്.എസ്.ഇ അസിസ്റ്റന്റ് ഡയറക്ടർ/
വിദ്യാഭ്യാസ ഉപഡയറക്ടർമാർ/ജില്ലാ വിദ്യാഭാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ